KERALA VETERINARY & ANIMAL SCIENCES UNIVERSITY
THIRUVAZHAMKUNNU
DATE.....................
LIVESTOCK RESEARCH STATION

**കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**കന്നുകാലി ഗവേഷണകേന്ദ്രം, തിരുവാഴാംകുന്ന്**
**തിരുവാഴാംകുന്ന് (പി.ഒ), പാലക്കാട് – 678 601 കേരള**
**Email: lrst@kvasu.ac.in, ഫോൺ : 04924 296562**

**നമ്പർ: എൽ 5- 43/2026 (I)** **തീയതി: 14.01.2026**

## പൊതുലേലം നോട്ടീസ്

ഈ കേന്ദ്രത്തിലെ വിവിധ ഭാഗങ്ങളിലുള്ള ഏകദേശം 50 പനകളിലുണ്ടാകുന്ന പനങ്കുലയുടെ നിശ്ചിതകാലത്തേക്കുള്ള വിളവെടുപ്പ് മത്സരാധിഷ്ഠിത പൊതുലേലമായി വില്പന നടത്തുവാൻ താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിന് പുറമേ മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്.

| **വിളവെടുക്കുന്നതിനുള്ള ഇനം** | **നിരതദ്രവ്യം** |
|---|---|
| സ്റ്റേഷനിലെ വിവിധ ഭാഗങ്ങളിലുള്ള ഏകദേശം 50പനകളിലുണ്ടാകുന്ന പനങ്കുലയുടെ വിളവെടുപ്പ് | **500/-** |

| | | |
|---|---|---|
| വിളവെടുപ്പ് കാലാവധി | : | **ലേലം ഉറപ്പിച്ച തിയ്യതി മുതൽ 2026 ജൂലൈ 31 വരെ** |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി / സമയം | : | **22/01/2026 - രാവിലെ 11.00** |
| പരസ്യ ലേലം നടത്തുന്ന തിയ്യതി/സമയം | : | **22/01/2026 - രാവിലെ 12.15** |
| ക്വട്ടേഷൻ തുറക്കുന്ന തിയ്യതി/സമയം | : | **പരസ്യ ലേലത്തിനു ശേഷം** |

**നിബന്ധനകൾ :-**

1. പരസ്യലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **22/01/2026 -ന് രാവിലെ 11.00 മണിക്ക്** മുമ്പായി നിരതദ്രവ്യം അടച്ച് ലേലത്തിന് പേര് രജിസ്റ്റർ ചെയ്ത് ടോക്കൺ കൈപ്പറ്റേണ്ടതാണ്.
2. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
3. പരസ്യ ലേലത്തിനു പുറമേ മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്. പരസ്യ ലേലത്തിനു ശേഷം ക്വട്ടേഷനുകൾ തുറക്കുന്നതും പരസ്യലേലത്തിന്റെയോ ക്വട്ടേഷന്റെയോ തുകയിൽ ഏതാണോ കൂടുതൽ ആയതിന് ലേലം ഉറപ്പിക്കുന്നതാണ്.
4. വെള്ളക്കടലാസിൽ അക്കത്തിലും അക്ഷരത്തിലും എഴുതിയ ക്വട്ടേഷൻ സ്റ്റേഷൻ മേധാവിയുടെ മേൽവിലാസം മുദ്രണം ചെയ്ത കവറിലാക്കി കവറിനു മുകളിൽ **"പനങ്കുല ലേലം"** എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
5. ക്വട്ടേഷനോടൊപ്പം നിശ്ചയിച്ച നിരതദ്രവ്യം പണമായി കെട്ടിവെക്കേണ്ടതാണ്.
6. ലേലം/ക്വട്ടേഷൻ സ്ഥിരീകരിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരികെ നൽകുന്നതാണ്.
7. ലേലം / ക്വട്ടേഷൻ സ്ഥിരീകരിച്ചവരുടെ നിരതദ്രവ്യം സെക്യൂരിറ്റി നിക്ഷേപമായി കണക്കാക്കി ഈ കേന്ദ്രത്തിൽ സൂക്ഷിക്കുന്നതും കാലാവധിക്ക് ശേഷം ഫാമിന് നാശനഷ്ടങ്ങൾ വരുത്തിയില്ലയെന്ന് ഉറപ്പുവരുത്തിയതിന് ശേഷം തിരികെ നൽകുന്നതാണ്.
8. നിശ്ചിത സമയത്തിനു ശേഷം ക്യാമ്പസിൽ അനാവശ്യമായി നില്ക്കാൻ പാടുള്ളതല്ല.

9. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി മൊത്തം തുകയുടെ 1/3 ഭാഗം ലേലദിവസം കെട്ടിവെക്കേണ്ടതും **(സെക്യൂരിറ്റി നിക്ഷേപത്തിനു പുറമേ)** ബാക്കി തുക ബാധകമായ നികുതികൾ സഹിതം 5 ദിവസത്തിനകം അടച്ച് രശീതി വാങ്ങേണ്ടതുമാണ്.
10. വിളവെടുപ്പ് കാലാവധിക്ക് ശേഷം സെക്യൂരിറ്റി നിക്ഷേപ തുകയുടെ രശീതി സഹിതം അപേക്ഷ സമർപ്പിക്കുമ്പോൾ, സർവ്വകലാശാലയ്ക്ക് യാതൊരു നാശനഷ്ടങ്ങളും വരുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം തുക മടക്കി നൽകുന്നതാണ്.
11. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി 200/- രൂപയുടെ സ്വന്തം പേരിൽ വാങ്ങിയ മുദ്ര പത്രത്തിൽ ഗവേഷണ കേന്ദ്രം മേധാവിയുമായി ഒരു നഷ്ടോത്തരവാദിത്ത കരാർ ഉറപ്പിക്കേണ്ടതും അതിന് ശേഷം മാത്രം പനങ്കുല ശേഖരിച്ച് തുടങ്ങേണ്ടതുമാണ്.
12. പ്രസ്തുത ദിവസത്തിനകം തുക പൂർണ്ണമായും അടയ്ക്കാതിരുന്നാൽ പുനർലേലം നടത്തുന്നതും ലേലം ഉറപ്പിച്ച വ്യക്തി ആദ്യം അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്.
13. ലേലം/ക്വട്ടേഷൻ പ്രകാരം വിളവെടുപ്പ് നടത്താവുന്ന പനകൾ ഓഫീസ് സമയങ്ങളിൽ വന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്.
14. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി ഓഫീസ് സമയങ്ങളിൽ വന്ന് ഓഫീസ് മേധാവിയുടെ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവോടും സമ്മതത്തോടും കൂടിയേ പനങ്കുല ശേഖരിക്കാനും പുറത്ത് കൊണ്ടുപോകാനും പാടുള്ളൂ. അനാവശ്യമായി ഫാമിൽ ചുറ്റിക്കറങ്ങാൻ അനുവദിക്കുന്നതല്ല.
15. ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതായിരിക്കും.
16. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.
17. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം/ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്.
18. ഏതെങ്കിലും കാരണവശാൽ ലേലം നിശ്ചയിച്ച ദിവസം അവധി ദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്.
19. സർക്കാർ ലേലം/ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ലേലം/ക്വട്ടേഷനും ബാധകമാണ്.
20. ലേല സമയത്ത് ക്യാമ്പസിൽ തികഞ്ഞ അച്ചടക്കം പാലിച്ചിരിക്കണം. ലേല സമയത്ത് അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതും അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

**ഒപ്പ്/-**
**അസോസിയേറ്റ് പ്രൊഫസർ & ഹെഡ്**

പകർപ്പ് :

വെബ്സൈറ്റ്
നോട്ടീസ് ബോർഡ് - ഓഫീസ് / ഗേറ്റ് / ഡയറി / ലോക്കൽ സർക്കുലേഷൻ
ഗ്രാമപഞ്ചായത്ത് ഓഫീസ് – കോട്ടോപ്പാടം / മണ്ണാർക്കാട് / അലനല്ലൂർ
വില്ലേജ് ഓഫീസ് – കോട്ടോപ്പാടം / കച്ചേരിപ്പറമ്പ് / അലനല്ലൂർ
മൃഗാശുപത്രി – മണ്ണാർക്കാട് / അലനല്ലൂർ
കൃഷിഭവൻ - കോട്ടോപ്പാടം / മണ്ണാർക്കാട്
അസിസ്റ്റന്റ് പ്രൊഫസർമാർ /എസ്.എഫ്.എസ് /ഫാം സൂപ്പർവൈസർ Gr I

**//ഉത്തരവിൻ പ്രകാരം//**

**സെക്ഷൻ ഓഫീസർ**